# സെഹിയോൻ

## ബുള്ളറ്റിൻ

**2024 ജൂലൈ • ആഗസ്റ്റ് • സെപ്റ്റംബർ**




**സെഹിയോൻ മാർത്തോമ്മാ ഇടവക**

**ആമല്ലൂർ, തിരുവല്ല, ഫോൺ 0469 2962135**

**Rev. Thomas Mathew**, Mob: **9745153653**

www.amalloorsehionmtc.org




| ആരാധനാ സഹായ ക്രമീകരണങ്ങൾ | | | |
|---|---|---|---|
| **തീയതി** | **മാസം** | **ദിവസം** | **പ്രാർത്ഥനായോഗങ്ങൾ / സംഘടനകൾ** |
| 07 | ജൂലൈ | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 1 |
| 14 | | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 2 |
| 21 | | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 3 |
| 28 | | ഞായർ | യംഗ് വിമൻസ് ഫെല്ലോഷിപ്പ് |
| 4 | ആഗസ്റ്റ് | ഞായർ | ഇടവകമിഷൻ |
| 11 | | ഞായർ | ഗായകസംഘം |
| 15 | | വ്യാഴം | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| 18 | | ഞായർ | യുവജനസഖ്യം |
| 25 | | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 1 |
| 1 | സെപ്റ്റംബർ | ഞായർ | സൺഡേസ്കൂൾ |
| 8 | | ഞായർ | സേവികാസംഘം |
| 15 | | ഞായർ | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| 22 | | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 2 |
| 29 | | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 3 |

| ഞായറാഴ്ചകളിലെ പാഠം വായനാഭാഗങ്ങൾ | | | | |
|---|---|---|---|---|
| **തീയതി** | **ഒന്നാം പാഠം** | **രണ്ടാം പാഠം** | **ലേഖനം** | **ഏവൻഗേലിയോൻ** |
| 2024 ജൂലൈ | | | | |
| 07 ഞായർ | 1 ദിന. 29:10-18 | അ.പ്ര. 5:1-11 | ഫിലി. 4:10-20 | വി.ലൂക്കൊ.16:19-31 |
| 14 ഞായർ | യെഹ. 33:1-9 | 2 തിമൊ. 2:1-13 | 1 പത്രൊ. 5:1-7 | വി. യോഹ. 10:1-11 |
| 21 ഞായർ | പുറ. 19:1-6 | 1 യോഹ. 4:7-21 | റോമ. 14:13-19 | വി.ലൂക്കൊ.10:25-37 |
| 28 ഞായർ | 2 ദിന. 15:1-8 | 1 കൊരി. 12:4-12 | 1 കൊരി. 12:27-31 | വി.യോഹ. 20:19-23 |
| 2024 ആഗസ്റ്റ് | | | | |
| 04 ഞായർ | യെശ. 6:1-8 | അ.പ്ര. 19:8-12 | റോമ. 1:8-17 | വി. മത്താ. 10:7-16 |
| 11 ഞായർ | പുറ. 3:7-14 | ഗലാ. 5:1-14 | റോമ. 6:15-23 | വി. യോഹ. 8:31-36 |
| 18 ഞായർ | 2 രാജാ. 23:1-3 | 1 പത്രൊ. 1:13-25 | 1 യോഹ. 2:13-17 | വി. മത്താ. 23:23-28 |
| 25 ഞായർ | ആവ. 6:1-9 | അ.പ്ര. 28:23-30 | 2 തിമൊ. 3:10-17 | വി. മത്താ. 13:18-23 |
| 2024 സെപ്റ്റംബർ | | | | |
| 01 ഞായർ | സദൃ. 4:1-11 | 1 കൊരി. 1:18-25 | റോമ. 11:33-36 | വി. യോഹ. 14:5-14 |
| 08 ഞായർ | രൂത്ത് 4:1-12 | അ.പ്ര. 16:11-15 | ഗലാ. 3:26-29 | വി.ലൂക്കൊ. 8:1-3 |
| 15 ഞായർ | ഉല്പ. 48:1-22 | ഫിലി. 2:12-18 | 2 തിമൊ. 4:1-8 | വി.ലൂക്കൊ. 2:25-38 |
| 22 ഞായർ | പുറ. 12:21-28 | അ.പ്ര. 2:42-47 | 1 കൊരി. 11:23-30 | വി. മത്താ. 26:26-29 |
| 29 ഞായർ | സദൃ. 30:4-9 | അ.പ്ര. 12:1-12 | എഫെ. 3:14-21 | വി. മത്താ. 6:5-15 |

LIGHTED
TO
LIGHTEN

# ആമല്ലൂർ സെഹിയോൻ മാർത്തോമ്മാ ചർച്ച്

## സെഹിയോൻ ബുള്ളറ്റിൻ

ജൂലൈ ▸ ആഗസ്റ്റ് ▸ സെപ്റ്റംബർ

2024



# വികാരിയുടെ കത്ത്

കർത്താവിൽ പ്രിയരെ,

ക്രൈസ്തവ സഭയ്ക്ക് കൈമുതലായ വിശ്വാസ പ്രമാണത്തിന് 1700 വയസ്സ് തികയുന്നു.

ക്രൈസ്തവ ചരിത്രത്തിൽ നിർണ്ണായകമായ മതനേതൃസമ്മേളനമാണ് നിഖ്യായിൽ (ഇന്നത്തെ ടർക്കിയിൽ) കൂടിയ ഒന്നാമത്തെ സുന്നഹദോസ്. ക്രിസ്ത്യാനിയായി തീർന്ന റോമൻ ചക്രവർത്തി കോൺസ്റ്റന്റൈൻ ഒന്നാമന്റെ നിർദ്ദേശപ്രകാരം AD 325 ൽ നിഖ്യാ എന്ന പട്ടണത്തിൽ ക്രൈസ്തവ സഭയിലെ 318 ബിഷപ്പുമാർ പങ്കാളികളായിത്തീർന്ന സുന്നഹദോസായിരുന്നു ഇത്. അദ്ധ്യക്ഷത വഹിച്ചത് സ്പെയിനിലെ ബിഷപ്പായിരുന്ന ബിഷപ്പ് ഹോസിയൂസ് ആയിരുന്നു എന്ന് പറയപ്പെടുന്നു. AD 325 ജൂൺ മാസത്തിലാണ് സമ്മേളനം ആരംഭിച്ചത്. അലക്സാൻട്രിയിലെ വൈദികൻ ആയിരുന്ന അറിയൂസിന്റെ വേദവിപരീതത്തെകുറിച്ച് ചർച്ച ചെയ്ത് അതിനുള്ള മറുപടിയാണ് നിഖ്യാ വിശ്വാസപ്രമാണം. നിഖ്യാ വിശ്വാസപ്രമാണം ക്രോഡീകരിക്കുന്നതിന് മുമ്പ് പല പ്രാദേശിക സഭകൾക്കും സ്വന്തമായ വിശ്വാസപ്രമാണം ഉണ്ടായിരുന്നു. എന്നാൽ എല്ലാ ക്രൈസ്തവ നേതാക്കളെയും പ്രാദേശിക വിഭാഗങ്ങളെയും വിശ്വാസപരമായ ഐക്യത്തിലേക്ക് എത്തിക്കുക എന്നതായിരുന്നു ഈ സുന്നഹദോസിന്റെ ലക്ഷ്യം. പല വർഷങ്ങളിലും സുന്നഹദോസുകൾ കൂടി എങ്കിലും ആദ്യത്തെ മൂന്ന് സാർവ്വത്രിക സുന്നഹദോസുകളാണ് പൊതുവെ അംഗീകരിക്കപ്പെടുന്നത്. നിഖ്യ (AD .325), കുസ്തന്തിനോസ് പൊലീസ് (AD .381) എഫേസൂസ് (AD .431) ഈ മൂന്ന് സുന്നഹദോസുകളെ എല്ലാ വിശുദ്ധ കുർബ്ബാനകളിലും ഓർത്തു സ്തോത്രം ചെയ്യുന്നുണ്ട്. കൽദായ സുറിയാനി സഭ ആദ്യത്തെ രണ്ട് സുന്നഹദോസുകളെയാണ് അംഗീകരിക്കുന്നത്. തൃത്വവിശ്വാസമാണ് ഇത് പ്രഖ്യാപിക്കുന്നത്. ലോകത്തിന്റെ മുഖ്യധാരാ ക്രൈസ്തവർ ഭൂരിഭാഗവും അംഗീകരിക്കുന്ന വിശ്വാസപ്രമാണമാണ് നിഖ്യാ വിശ്വാസപ്രമാണം. പെന്തക്കോസ്ത് സഭകൾ അതിൽ പ്രഖ്യാപിക്കുന്ന വിശ്വാസത്തെ അംഗീകരിക്കുന്നു എങ്കിലും ഒരു പ്രമാണം എന്ന നിലയിൽ ഏറ്റു പറയുവാൻ ആഗ്രഹിക്കുന്നില്ല. യഹോവാസാക്ഷികൾ ഈ വിശ്വാസ പ്രമാണത്തെ പൂർണമായി അംഗീകരിക്കുന്നില്ല. ഓരോ സഭയും നേരിയ ഭാഷാ വിത്യാസങ്ങളിൽ ഉപയോഗിക്കുന്നു എങ്കിലും പ്രമാണ ചിന്തകൾക്ക് മാറ്റമില്ല.

എല്ലാ വർഷവും ജൂൺ 5 -ാം തീയതി ലോക പരിസ്ഥിതി ദിനമായി ആചരിക്കുന്നു. പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുവാനും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുവാനും വേണ്ടിയാണ് ഈ ദിനാചരണം. ഐക്യരാഷ്ട്രസഭ

ജനറൽ അസംബ്ലിയാണ് 1974 മുതൽ ഈ ദിനാചരണം ആരംഭിച്ചത്. ദിവസേന അന്തരീക്ഷത്തിൽ എത്തിച്ചേരുന്ന കാർബൺ ഡൈയോക്സൈഡ്, മീഥേൽ, നൈട്രസ് ഓക്സൈഡ്, ക്ലോറോഫ്ളൂറോ കാർബൺ ഇനീ വാതകങ്ങളുടെ അളവ് കൂടിക്കൊണ്ടിരിക്കുന്നു. ഇവ ഓസോൺ പാളികളുടെ തകർച്ചയ്ക്ക് കാരണമാകുന്നു. തന്മൂലം ആഗോള താപനം വർദ്ധിക്കുന്നു. ഗ്രീൻ ഹൗസ് വാതകങ്ങൾ പരമാവധി കുറയ്ക്കുകയാണ് നമ്മുടെ ലക്ഷ്യം. 2000 മുതൽ വരൾച്ചയുടെ എണ്ണവും കാലാവധിയും വർദ്ധിച്ചു. 2050 ആകുമ്പോഴേക്കും വരൾച്ച ലോക ജനസംഖ്യയുടെ മുക്കാൽ ഭാഗത്തെയും ബാധിക്കും. അതിനാലാണ് 2024 ലെ ലോക പരിസ്ഥിതി ദിനം 'നമ്മുടെ ഭൂമി നമ്മുടെ ഭാവി' എന്ന മുദ്രാവാക്യം ചിന്താവിഷയമായി ഏറ്റെടുത്തത്. ഭാവി ലക്ഷ്യമാക്കി കാടുകൾ വളർത്താം, ജല സ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കാം. മണ്ണ് തിരികെ കൊണ്ടുവരാം.

കാലാവസ്ഥാവ്യതിയാനം മനുഷ്യ ജീവിതത്തെയും ആരോഗ്യത്തെയും ബാധിക്കുന്നു. കുടിവെള്ളം, വായു, ഭക്ഷണം, എന്നിവ അപകടത്തിലാകുന്നു. വായുമലിനീകരണം മനുഷ്യന്റെ ആരോഗ്യത്തിന് ഏറ്റം വലിയ ഭീക്ഷണിയായി തീരുന്നു. ലക്ഷക്കണക്കിന് ആളുകൾ ഓരോ വർഷവും ഈ കാരണത്താൽ മരിച്ചു വീഴുന്നു. 700 കോടി ജനങ്ങൾക്ക് ഒരു ഭൂമി മാത്രമെ ഉള്ളു എന്ന് ഓർക്കുക. മനുഷ്യന് ആവശ്യമുള്ളത് എല്ലാം ഈ ഭൂമിയിൽ ഉണ്ട്. പക്ഷേ എല്ലാവർക്കും ലഭിക്കുന്നില്ല എന്നതാണ് സത്യം. ദൈവം നല്ലത് എന്ന് കണ്ട ഭൂമി നാം വികലമാക്കുന്നു. സൂക്ഷിക്കാനുള്ള ഉത്തരവാദിത്തമാണ് നമ്മെ ഏൽപ്പിച്ചത്. നാം അവിശ്വസ്തരായതിന്റെ കെടുതികൾ എങ്ങും കണ്ടുകൊണ്ടിരിക്കുന്നു. ഭൂമിയുടെ സംരക്ഷണം ആത്മീയത തന്നെയാണ്. എന്ന് നമുക്ക് ഉറയ്ക്കാം. ഇനിയെങ്കിലും ഇപ്പോഴത്തേതിൽ നിന്ന് ഒന്ന് മാറി ചിന്തിക്കാം. അന്തകരാകാതെ സംരക്ഷകരാകാം. ഭാവി തലമുറയ്ക്കായി ഭൂമിയെ സൂക്ഷിക്കാം.

അദ്ധ്യാപനവും അദ്ധ്യയനവും ചേരുന്ന വിദ്യാഭ്യാസം തലമുറകളിൽ നിന്നും തലമുറകളിലേക്ക് പകർന്നു നൽകപ്പെടുകയാണ്. ഒരിക്കലും അറിവിന്റെ പൂർണതയിലേക്ക് നമുക്ക് എത്താൻ കഴിയുകയില്ല. പഠനത്തിലൂടെ മറഞ്ഞിരിക്കുന്ന സത്യങ്ങളെ കണ്ടെത്തുന്നതിനും അറിവിന്റെ ലോകം വിസ്തൃതമാക്കുവാനും നമുക്ക് കഴിയുന്നു. നല്ല സംസ്കാരങ്ങളും, മര്യാദകളും നാം സൂക്ഷിക്കണം., നവീകരിക്കണം. ഇരുളിൽനിന്നും വെളിച്ചത്തിലേക്കുള്ള യാത്രയായ വിദ്യാഭ്യാസം അറിവിലൂടെ അഹം ഇല്ലായ്മ ചെയ്യുന്നതാകണം. സഹാനുഭൂതിയും, സ്നേഹവും, മനസ്സലിവും വർദ്ധിച്ചുവരണം. ഇന്ന് വിദ്യാഭ്യാസത്തിലൂടെ ധാരാളം അറിവ് നേടി എന്നാൽ പരിജ്ഞാനം നഷ്ടപ്പെട്ട അവസ്ഥയിലാണ്. ലോകത്ത് നടക്കുന്ന ക്രിമിനൽ സംഭവങ്ങളിലെ നായകർ ആരും വിദ്യാഭ്യാസം കുറഞ്ഞവരല്ല. ലോകപ്രകാരം ലഭിക്കുന്ന അറിവിനെക്കാൾ ഉയർന്ന ജ്ഞാനം നേടാൻ നമുക്ക് കഴിയണം. ശ്രേഷ്ഠഗുരുവായ കർത്താവിൽ നിന്നും ജ്ഞാനം പ്രാപിക്കാൻ കഴിയണം. യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമത്രേ. അറിവുകൾ സ്വഭാവത്തെയും പ്രവർത്തനങ്ങളെയും രൂപപ്പെടുത്തിയാൽ മാത്രമാണ് ആ വിദ്യാഭ്യാസം ശരിയായുള്ളത് എന്ന് പറയുവാൻ കഴിയുകയുള്ളു. വിദ്യാഭ്യാസം അവിവേകത്തെ തടയുന്നതാകണം.

1957 –ൽ മുണ്ടശ്ശേരി കൊണ്ടുവന്ന ചരിത്ര പ്രസിദ്ധമായ വിദ്യാഭ്യാസ ബില്ലിലൂടെ കേരള വിദ്യാഭ്യാസത്തിന്റെ അടിത്തറ ഭദ്രമായി. സാമൂഹികനീതി നിയമത്തിലൂടെ ഉറപ്പിലായി. എന്നാൽ ഇന്ന് സാമൂഹിക നീതി, ഗുണമേന്മ, തൊഴിൽ സാധ്യത, തുടങ്ങിയ മേഖലകളിൽ എല്ലാം കേരളത്തിലെ വിദ്യാഭ്യാസ മണ്ഡലം പരാജയപ്പെട്ടു കൊണ്ടിരിക്കയല്ലേ.

ഇന്ന് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ കാലമാണ്. പഴയ തലമുറയ്ക്ക് കമ്പ്യൂട്ടർ പരിജ്ഞാനം ആവശ്യമായിരുന്നില്ല. എന്നാൽ ഇന്ന് കമ്പ്യൂട്ടർ അറിയാത്തവർ നിരക്ഷരരായി പരിഗണിക്കപ്പെടുന്നു. സമീപകാലത്ത് ആൺകുട്ടികളേക്കാൾ പെൺകുട്ടികൾ വിദ്യാഭ്യാസപരമായി ശക്തിപ്പെട്ടു. ബിരുദവും ബിരുദാനന്തര ബിരുദവും ഉള്ള പെൺകുട്ടികൾക്ക് തുല്യമായ വരന്മാരെ ലഭിക്കാൻ പ്രയാസമായി വരുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്.

നെൽസൺ മണ്ടേല പറയുന്നത് 'ലോകത്തെ മാറ്റാൻ നിങ്ങൾക്ക് ഉപയോഗിക്കാവുന്ന ഏറ്റവും ശക്തമായ ആയുധമാണ് വിദ്യാഭ്യാസം' എന്ന്. ലോകത്തെ നന്മയായി രൂപാന്തരപ്പെടുത്തുവാൻ നമ്മുടെ വിദ്യാഭ്യാസത്തിന് കഴിയട്ടെ എന്ന് പ്രാർത്ഥിക്കാം.

മാർട്ടിൻ ലൂഥർ കിംഗ് (Jr.) 'ഒരുവനെ തീവ്രമായി ചിന്തിക്കാനും, വിമർശനാത്മകമായി ചിന്തിക്കാനും; പഠിപ്പിക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ധർമ്മം. ബുദ്ധിയും സൽസ്വഭാവവും രൂപപ്പെടുത്തുക എന്നതാണ് യഥാർത്ഥ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.'നമ്മുടെ വിദ്യാഭ്യാസം അതിനായി നമ്മെ സഹായിക്കട്ടെ.

സ്നേഹപൂർവ്വം
**ജോസിയച്ചൻ**

**സഭാ വിശേഷദിവസങ്ങൾ**

| മാസം | തീയതി | ദിവസം | വിശേഷങ്ങൾ |
|---|---|---|---|
| ജൂലൈ | 3 | ബുധൻ | മാർത്തോമ്മാ ശ്ലീഹാദിനം |
| ജൂലൈ | 7 | ഞായർ | ദശാംശ സമർപ്പണ ഞായർ |
| ജൂലൈ | 14 | ഞായർ | വൈദിക ഞായർ |
| ആഗസ്റ്റ് | 1 | വ്യാഴം | 15 നോമ്പ് ആരംഭം |
| ആഗസ്റ്റ് | 4 | ഞായർ | മിഷൻ സൺഡേ |
| ആഗസ്റ്റ് | 15 | വ്യാഴം | ഭാരതസ്വാതന്ത്ര്യദിനം/<br>15 നോമ്പ് വീടൽ |
| ആഗസ്റ്റ് | 18 | ഞായർ | നവീകരണ ഞായർ |
| സെപ്റ്റംബർ | 1 | ഞായർ | വിദ്യാഭ്യാസ ദിനം |
| സെപ്റ്റംബർ | 8 | ഞായർ | സേവികാ സംഘദിനം |
| സെപ്റ്റംബർ | 15 | ഞായർ | മുതിർന്ന പൗരരുടെ ഞായർ |

# ഇടവക വാർത്തകൾ

## പ്രാർത്ഥനാ ഗ്രൂപ്പ്/ സംഘടനാ ഭാരവാഹികൾ:

ഇടവകയിലെ പ്രാർത്ഥനാ ഗ്രൂപ്പുകളും സംഘടനകളും അവരുടെ 2023–2024 വാർഷിക യോഗങ്ങളിൽ വെച്ച് 2024–2025 വർഷത്തേക്ക് താഴെ കൊടുത്തിരിക്കുന്ന ഭാരവാഹികളെ തിരഞ്ഞെടുത്തു:

### പ്രാർത്ഥനാ ഗ്രൂപ്പ് 1

വൈസ് പ്രസിഡന്റ് : ശ്രീ എം.കെ. ഫിലിപ്പ്, മഠത്തിലേട്ട്
സെക്രട്ടറി : ശ്രീ തോമസ് മാത്യു, ഞാലിലേട്ട്
ട്രസ്റ്റി : ശ്രീമതി ബിനി സാംജി, മങ്ങാട്ട്
ഓഡിറ്റർ : ശ്രീമതി എലിസബേത്ത് എസ്. മാമ്മൻ, സന്തോഷ് വില്ല

### പ്രാർത്ഥനാ ഗ്രൂപ്പ് 2

വൈസ് പ്രസിഡന്റ് : ശ്രീ കെ.ജി. വർഗ്ഗീസ്, കണ്ണോത്ത്
സെക്രട്ടറി : ശ്രീ മാത്യു ചെറിയാൻ, പതാലിൽ
ട്രസ്റ്റി : ശ്രീമതി ആലിസ് വർഗ്ഗീസ്, കണ്ണോത്ത്
ഓഡിറ്റർ : ശ്രീ ജോൺ വർഗ്ഗീസ്, മാങ്ങോട്ട്

### പ്രാർത്ഥനാ ഗ്രൂപ്പ് 3

വൈസ് പ്രസിഡന്റ് : ശ്രീ തോമസ് ജോസഫ്, നെല്ലിമൂട്ടിൽ മന്നത്ത്
സെക്രട്ടറി : ശ്രീമതി സുമ അജു, പയ്യംപ്ലാട്ട്
ട്രസ്റ്റി : ശ്രീ സാബു തോമസ്, കിഴക്കേതിൽ
ഓഡിറ്റർ : ശ്രീ വർഗ്ഗീസ് മാത്യു കോളറേത്ത്

### ഇടവകമിഷൻ

വൈസ് പ്രസിഡന്റ് : ശ്രീ സാബു വർഗ്ഗീസ് കുര്യൻ, വിളക്കുപാട്ടത്തിൽ
സെക്രട്ടറി : ശ്രീ സാബു തോമസ്, കിഴക്കേതിൽ
ട്രസ്റ്റി : ശ്രീ മാത്യു ചെറിയാൻ, പതാലിൽ
ഓഡിറ്റർ : ശ്രീ തോമസ് ജോസഫ്, നെല്ലിമൂട്ടിൽ മന്നത്ത്

### പ്രാർത്ഥനാ ഗ്രൂപ്പുകളിൽ നിന്നുമുള്ള കമ്മിറ്റി അംഗങ്ങൾ:

ഗ്രൂപ്പ് 1 : ശ്രീമതി വത്സമ്മ തോമസ്, ഞാലിലേട്ട്
ഗ്രൂപ്പ് 2 : ശ്രീമതി ജോളി ചാക്കോ, കണ്ണോത്ത്
ഗ്രൂപ്പ് 3 : ശ്രീ വർഗ്ഗീസ് മാത്യു കോളറേത്ത്

### സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ്

വൈസ് പ്രസിഡന്റ്: ശ്രീ കുരുവിള എൻ കുരുവിള, നെല്ലിമൂട്ടിൽ
സെക്രട്ടറി : ശ്രീ മാത്യു ചെറിയാൻ, പതാലിൽ

| | | |
|---|---|---|
| ജോയിന്റ് സെക്രട്ടറി | : | ശ്രീ എൻ. കെ. കുരുവിള, നെല്ലിമൂട്ടിൽ |
| ട്രസ്റ്റി | : | ശ്രീമതി ജൂനോമ്മ ജേക്കബ്, കരിങ്ങോട്ട് |
| ഓഡിറ്റർ | : | ശ്രീ തോമസ് ജോസഫ്, നെല്ലിമൂട്ടിൽ മന്നത്ത് |

## പ്രാർത്ഥനാ ഗ്രൂപ്പുകളിൽ നിന്നുമുള്ള കമ്മിറ്റി അംഗങ്ങൾ:

| | | |
|---|---|---|
| ഗ്രൂപ്പ് 1 | : | ശ്രീ എം.കെ. ഫിലിപ്പ്, മഠത്തിലേട്ട് |
| ഗ്രൂപ്പ് 2 | : | ശ്രീ കെ.ജി. വർഗ്ഗീസ്, കണ്ണോത്ത് |
| ഗ്രൂപ്പ് 3 | : | ശ്രീമതി അച്ചാമ്മ ജോൺ, പടുതോട്ട് |

## സേവികാസംഘം

| | | |
|---|---|---|
| വൈസ് പ്രസിഡന്റ് | : | ശ്രീമതി വത്സ സ്ക്കറിയാ, ആനിക്കാട്ട് |
| സെക്രട്ടറി | : | ശ്രീമതി ജൂനോമ്മ ജേക്കബ്, കരിങ്ങോട്ട് |
| ജോയിന്റ് സെക്രട്ടറി | : | ശ്രീമതി സാറാമ്മ വർഗീസ്, കോളരേത്ത് |
| ട്രസ്റ്റി | : | ശ്രീമതി ഏലിയാമ്മ സാബു, കിഴക്കേതിൽ |
| ഓഡിറ്റർ | : | ശ്രീമതി കെ.ജെ. ഏലിയാമ്മ, കോതപ്പുഴശ്ശേരിൽ |

## പ്രാർത്ഥനാ ഗ്രൂപ്പുകളിൽ നിന്നുമുള്ള കമ്മിറ്റി അംഗങ്ങൾ:

| | | |
|---|---|---|
| ഗ്രൂപ്പ് 1 | : | ശ്രീമതി ഗ്രേസി ഫിലിപ്പ്, മഠത്തിലേട്ട് |
| | | ശ്രീമതി വത്സമ്മ തോമസ്, ഞാലിലേട്ട് |
| ഗ്രൂപ്പ് 2 | : | ശ്രീമതി ആലിസ് വർഗീസ്, കണ്ണോത്ത് |
| | | ശ്രീമതി ജോളി ചാക്കോ, കണ്ണോത്ത് |
| ഗ്രൂപ്പ് 3 | : | ശ്രീമതി രാജം പി. റേച്ചൽ, കുഴിക്കാലയിൽ |
| | | ശ്രീമതി ജയാ തോമസ്, നെല്ലിമൂട്ടിൽ മന്നത്ത് |

**കേന്ദ്ര കമ്മിറ്റി അംഗങ്ങൾ:**

1. പ്രൊഫ. ആലിസ് മാത്യു, നെല്ലിമൂട്ടിൽ
2. ശ്രീമതി ജയാ തോമസ്, നെല്ലിമൂട്ടിൽ മന്നത്ത്

**ഭദ്രാസന കമ്മിറ്റി അംഗങ്ങൾ:**

1. ശ്രീമതി ആനി ജോൺ, ജിനു വില്ല
2. ശ്രീമതി ബെൻസി ജോൺസൺ, നെറ്റിയാട്ടുപറമ്പിൽ

## ഗായകസംഘം

| | | |
|---|---|---|
| ലീഡർ | : | ശ്രീമതി അക്കാമ്മ കോശി, മുല്ലമംഗലം |
| ജോ. ലീഡർ | : | ശ്രീമതി ബിനി സാംജി, മങ്ങാട്ട് |
| സെക്രട്ടറി | : | കുമാരി മെറിൻ റെയ്ച്ചൽ റെജി, വളയിൽ |
| ട്രസ്റ്റി | : | ശ്രീ. ജോർജ്ജ് ഉമ്മൻ, പ്ലാപ്ര |

## യംഗ് വിമൻസ് ഫെലോഷിപ്പ്:

| | | |
|---|---|---|
| വൈസ് പ്രസിഡന്റ് | : | ശ്രീമതി എൽസി രാജി, നെല്ലിമ്മൂട്ടിൽ |
| സെക്രട്ടറി | : | ശ്രീമതി നെൽസി സന്തോഷ്, പ്ലാക്കുഴിയിൽ |
| ട്രസ്റ്റി | : | ശ്രീമതി ഷൈനി സാമുവേൽ, പാലശ്ശേരിൽ എബനേസർ |

ഓഡിറ്റർ : ശ്രീമതി ജെസ്സി ഏബ്രഹാം, കണ്ണോത്ത് കാഞ്ഞിരമറ്റം

## പ്രാർത്ഥനാ ഗ്രൂപ്പുകളിൽ നിന്നുമുള്ള കമ്മിറ്റി അംഗങ്ങൾ:

ഗ്രൂപ്പ് 1 : ശ്രീമതി ശോഭ മേരി എം. ഇ., മഠത്തിലേട്ട്

ഗ്രൂപ്പ് 2 : ശ്രീമതി കരുണ തങ്കം ഏബ്രഹാം, മാങ്ങോട്ട്

ഗ്രൂപ്പ് 3 : ശ്രീമതി സുമ അജു, പയ്യംപ്ലാട്ട്

## യുവജന സഖ്യം:

വൈസ് പ്രസിഡന്റ് : അഡ്വ. ബോണി മാത്യു ബോബൻ, ഞാലിലേട്ട്

സെക്രട്ടറി : കുമാരി റിയ മറിയം മാത്യു, കണ്ണോത്ത്

ട്രസ്റ്റി : ശ്രീമതി ഷൈനി സാമുവേൽ, പാലശ്ശേരിൽ എബനേസർ

**സെന്റർ പ്രതിനിധികൾ:**

1. ശ്രീ. ക്രിസ്റ്റോ മാത്യു തോമസ്, സെഹിയോൻ എം.റ്റി.സി. പാഴ്സനേജ്
2. കുമാരി മെറിൻ റെയ്ച്ചൽ റെജി. വളയിൽ

## സണ്ടേസ്കൂൾ:

സെക്രട്ടറി : ശ്രീ ബിനു വർഗ്ഗീസ്, കണ്ണോത്ത്

ട്രസ്റ്റി : ശ്രീ ബിജു ബേബി, പാലശ്ശേരിൽ എബനേസർ

## വി. ബി.എസ്:

ഈ വർഷത്തെ വെക്കേഷൻ ബൈബിൾ സ്കൂൾ (വി.ബി.എസ്.) 2024 ഏപ്രിൽ 1 മുതൽ 9 വരെ ഇടവകയുടെ ആഭിമുഖ്യത്തിൽ, സൺഡേസ്ക്കൂളിന്റെ നേതൃത്വത്തിൽ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. അൻപതിലധികം കുട്ടികൾ ഈ വർഷം വി.ബി.എസിൽ പങ്കെടുത്തു. വി.ബി.എസ് ഡയറക്ടർ /ലീഡർ കുമാരി ഫേബ സൂസൻ ജോർജ്ജ് നേതൃത്വം നൽകുകയും വി.ബി.എസ് ഞായർ ആയ ഏപ്രിൽ 7-ാം തീയതി ആരാധനാമധ്യേ വചന ശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്തു.

## ദിവ്യസംഗീത ഞായറും ഗായകസംഘ സമർപ്പണ ശുശ്രൂഷയും:

2024 മെയ് മാസം 26-ാം തീയതി ദിവ്യസംഗീത ഞായറായി ഇടവക ആചരിക്കുകയും ആരാധനാമധ്യേ ഗായകസംഘ സമർപ്പണ ശുശ്രൂഷയും ചെയ്തു.

## വിദ്യാലയ വർഷാരംഭ ഞായർ:

2024 ജൂൺ 2 ന് ഞായറാഴ്ച നമ്മുടെ ഇടവകയിലെ വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്ത വിദ്യാലയ വർഷാരംഭ സ്തോത്രശുശ്രൂഷ റവ. എബി കെ. ജോഷ്വായുടെ നേതൃത്വത്തിലും ഇടവക വികാരി റവ. തോമസ് മാത്യു അച്ചന്റെ സാന്നിധ്യത്തിലും നടന്നു.

## കൈസ്ഥാന സമിതി സമർപ്പണ ശുശ്രൂഷ:

2024-2025 വർഷത്തെ കൈസ്ഥാന സമിതി സമർപ്പണ ശുശ്രൂഷ 2024 ജൂൺ മാസം 9-ാം തീയതി ഞായറാഴ്ച ആരാധനാമധ്യേ റവ. മാത്യു വർഗ്ഗീസ് (ചുങ്കത്തറ) അച്ചന്റെ നേതൃത്വത്തിലും റവ. തോമസ് മാത്യു അച്ചന്റെയും റവ. കുരുവിള ഫിലിപ്പ് അച്ചന്റെയും സാന്നിധ്യത്തിലും നടന്നു.

## 2024–2025 വർഷത്തെ പ്രവർത്തന രൂപരേഖയുടെ പ്രകാശനം:

ആമല്ലൂർ സെഹിയോൻ മാർത്തോമ്മാ ഇടവകയുടെ 2024–2025 വർഷത്തെ പ്രവർത്തന രൂപരേഖ 2024 ജൂൺ മാസം 9–ാം തീയതി ആരാധാനാന്തരം റവ. മാത്യു വർഗ്ഗീസ് (ചുങ്കത്തറ) അച്ചൻ നെല്ലിമൂട്ടിൽ ശ്രീ കുരുവിള എൻ . കുരുവിളയ്ക്ക് നൽകി പ്രകാശനം ചെയ്തു.

## മികച്ച വിജയികൾക്കുള്ള അനുമോദനം:

2023–2024 വിദ്യാഭ്യാസ വർഷത്തെ 10–ാം ക്ലാസ്സിൽ വിജയിച്ച താഴെ പറയുന്ന വിദ്യാർത്ഥികളെ 2024 ജൂൺ 16 –ാം തീയതി ആരാധനയോടനുബന്ധിച്ച് റവ. എ.റ്റി. സഖറിയ അച്ചൻ മൊമെന്റോ നൽകി അനുമോദിച്ചു:

1 **മെറിൻ റേച്ചൽ റെജി, വളയിൽ – SSLC**

2 **റിയ മറിയം മാത്യു, കണ്ണോത്ത് – SSLC**

3 **രോഹൻ കുരുവിള രാജി, നെല്ലിമൂട്ടിൽ – SSE**

4 **ഷെറിൽ ആൻ മാത്യു, കണ്ണോത്ത് – SSE**

## ആദരാഞ്ജലികൾ:

1. **പ്ലാപ്പറ പുത്തൻവീട്ടിൽ ശ്രീമതി ഗ്രേസി ഉമ്മൻ (86)** 2024 മെയ് 19ന് നിര്യാതയായി.
2. **മുണ്ടമറ്റത്ത് ശ്രീമതി മോളി അന്ന വർക്കി (83)** 2024 മെയ് 21ന് നിര്യാതയായി.
3. **പ്ലാപ്പറ ശ്രീ. വർഗ്ഗീസ് കോശി (75)** 2024 ജൂൺ 3ന് നിര്യാതനായി.

*നിര്യാതരായ പ്രിയ ഇടവക അംഗങ്ങളുടെ ദേഹവിയോഗത്തിൽ ആമല്ലൂർ സെഹിയോൻ മാർത്തോമ്മാ ഇടവകയുടെ ആദരാഞ്ജലികൾ.*

## വിശുദ്ധ വിവാഹം:

1. കണ്ണോത്ത് ശ്രീ കോശി വർഗ്ഗീസിന്റെയും ശ്രീമതി മറിയാമ്മ കോശിയുടെയും മകൻ സിനൊ കോശിയും പൂയംകുട്ടി മാർത്തോമ്മാ കോൺഗ്രിഗേഷനിൽ പുളിക്കലാത്ത് ശ്രീ ജോസഫ് തോമസിന്റെയും ശ്രീമതി മേരി ജോസഫിന്റെയും മകൾ അലീന ജോസഫും തമ്മിലുള്ള വിവാഹം 2024 ഏപ്രിൽ 13ന് ഈ ഇടവകയിൽ വെച്ച് നടത്തപ്പെട്ടു.
2. പുതുശ്ശേരിയിൽ ശ്രീ പി.യു.വർഗ്ഗീസിന്റെയും ശ്രീമതി സിസിലി വർഗ്ഗീസിന്റെയും മകൻ ബേസിൽ വർഗ്ഗീസും അയിരൂർ തെക്കൊതിൽ ശ്രീ റോയി മാത്യുവിന്റെയും ശ്രീമതി അച്ചാമ്മ റോയിയുടെയും മകൾ റിൻസി റോയി മാത്യുവും തമ്മിലുള്ള വിവാഹം മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം 2024 മെയ് 27 ന് മാർത്തോമ്മാ സഭയുടെ ക്രമീകരണപ്രകാരം നിയമാനുസൃതമാക്കി.

   *സെഹിയോൻ കുടുംബത്തിന്റെ ആശംസകൾ.*

## വിശുദ്ധ മാമ്മോദീസ:

1. പതാലിൽ ശ്രീ സിബി മാത്യുവിന്റെയും ശ്രീമതി എസ്. മഞ്ജുളയുടെയും

മകൾ ജെന്നിഫർ മറിയം സിബി 2024 ജൂൺ 22-ാം തീയതി നമ്മുടെ പള്ളിയിൽ വെച്ച് മാമ്മോദീസ സ്വീകരിച്ച് സ്നാപനത്തിലൂടെ വിശുദ്ധ സഭയുടെ അംഗത്വത്തിലേക്കു പ്രവേശിച്ചു.

2. കുഴിക്കാലായിൽ ശ്രീ. ക്രിസ്റ്റി ജോർജ് മാത്യൂസിന്റെയും ശ്രീമതി ഷീബ ഷൈനി ബാബുവിന്റേയും മകൻ നിയോൺ മാത്യൂസ് ക്രിസ്റ്റി 2024 ജൂൺ 29-ാം തീയതി നമ്മുടെ പള്ളിയിൽ വെച്ച് മാമ്മോദീസ സ്വീകരിച്ച് സ്നാപനത്തിലൂടെ വിശുദ്ധ സഭയുടെ അംഗത്വത്തിലേക്കു പ്രവേശിച്ചു.

ക്രിസ്തീയ സഭയുടെ അംഗത്വത്തിലേക്ക് പ്രവേശിച്ച ഈ കുഞ്ഞുങ്ങൾ ദൈവാത്മാവിൽ വളരുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുകയും പൈതങ്ങളെ ദൈവകൃപയിൽ വളർത്തുവാൻ മാതാപിതാക്കൾക്ക് കഴിയട്ടെ എന്ന് ഇടവകയായ ആശംസിക്കുകയും ചെയ്യുന്നു.

## പുതിയ കുടുംബം:

പുതുശ്ശേരിയിൽ ശ്രീ ബേസിൽ വർഗ്ഗീസും കുടുംബവും മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം ഇടവക അംഗത്വത്തിലേക്കു പ്രവേശിച്ചു. ഈ കുടുംബത്തെ ഒന്നാം ഗ്രൂപ്പ് പ്രാർത്ഥനായോഗത്തിൽ ഉൾപ്പെടുത്തി ഇടവകയുടെ കൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്യുന്നു.

# ഇടവക അറിയിപ്പുകൾ

## കൈസ്ഥാന സമിതി റിട്രീറ്റ് :

2024 ജൂലൈ 16-ാം തീയതി കൈസ്ഥാന സമിതി റിട്രീറ്റ് മല്ലപ്പള്ളിയുടെ സമീപമുള്ള 'ഊർ' എന്ന സ്ഥലത്തുവെച്ച് നടത്തുന്നതാണ്. കൈസ്ഥാന സമിതി അംഗങ്ങളോടൊപ്പം താല്പര്യമുള്ള പ്രാർത്ഥനാ ഗ്രൂപ്പ് ഭാരവാഹികളും സംഘടനാ ഭാരവാഹികളും സൺഡേസ്ക്കൂൾ അദ്ധ്യാപകരും ഭാരവാഹികളും പങ്കെടുക്കുന്നതാണ്. റവ. എ.റ്റി.സഖറിയ അച്ചൻ റിട്രീറ്റിന് നേതൃത്വം നൽകും.

## വയോജനങ്ങൾക്കു വേണ്ടിയുള്ള പ്രത്യേക വിശുദ്ധ കുർബ്ബാന:

2024 ആഗസ്റ്റ് മാസം 15-ാം തീയതി വ്യാഴാഴ്ച രാവിലെ 8 മണിക്ക് വയോജനങ്ങൾക്കു വേണ്ടിയുള്ള പ്രത്യേക വിശുദ്ധ കുർബ്ബാന ശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്.

## കുടുംബ സംഗമം:

2024 സെപ്റ്റംബർ 14-ാം തീയതി ശനിയാഴ്ച പകൽ 10 മണി മുതൽ 12.30 മണി വരെ ഒരു കുടുംബ സംഗമ പരിപാടി പള്ളിയിൽ വെച്ച് നടത്തുവാൻ താത്പര്യപ്പെടുന്നു.

## സംഘടനാ വാർത്തകൾ

ഗായകസംഘം, സണ്ടേസ്കൂൾ, ഇടവകമിഷൻ, സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ്, സേവികാസംഘം, യുവജനസഖ്യം, യംഗ് വിമൻസ് ഫെല്ലോഷിപ്പ്, എന്നീ സംഘടനകളുടെ പ്രവർത്തനം ക്രമീകൃതമായി നമ്മുടെ ഇടവകയിൽ നടന്നുവരുന്നു. എല്ലാ സംഘടനകളും പ്രാർത്ഥനാ ഗ്രൂപ്പുകളും ഇടവകയുടെ ആരാധനയിലും മറ്റും ആരാധനാ സഹായ ക്രമീകരണങ്ങൾ ചെയ്ത് സഹായിച്ചു വരുന്നു.

## ഇടവക മിഷൻ:

മാസത്തിന്റെ ഒന്നും രണ്ടും അഞ്ചും ചൊവ്വാഴ്ച്ചകളിൽ വൈകിട്ട് 4.30 ന് ഇടവകമിഷൻ മീറ്റിംഗ് പള്ളിയിൽ കൂടുന്നു. മൂന്നാം ചൊവ്വാഴ്ച രാവിലെ 10 മണിക്ക് പെയിൻ ആൻഡ് പാലിയേറ്റീവിന്റെ ഭാഗമായി ഇടവകമിഷൻ അംഗങ്ങൾ പള്ളിയിൽ വരാൻ ബുദ്ധിമുട്ടുള്ള രോഗികൾ, വാർദ്ധക്യത്തിലായിരിക്കുന്നവർ എന്നിവരുടെ ഭവനങ്ങൾ സന്ദർശിക്കുന്നു. സെന്റർ മീറ്റിംഗുകളും മറ്റും ഇല്ലാത്ത എല്ലാ വെള്ളിയാഴ്ചകളിലും പള്ളിയിൽ വെച്ച് ഇടവകമിഷന്റെ നേതൃത്വത്തിൽ രാവിലെ 10.30 ന് ഉപവാസ പ്രാർത്ഥനയും നടത്തിവരുന്നു.

## സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ്:

മാസത്തിന്റെ നാലാം ചൊവ്വാഴ്ച്ചകളിൽ വൈകിട്ട് 4.30 ന് നിശ്ചയിക്കപ്പെട്ട ഭവനങ്ങളിൽ വെച്ച് മീറ്റിംഗ് നടത്തിവരുന്നു. അടുത്ത മൂന്നു മാസങ്ങളിൽ താഴെ പറയുന്ന ഭവനങ്ങളിലാണ് മീറ്റിംഗുകൾ ക്രമീകരിച്ചിരിക്കുന്നത്:

| | | |
|---|---|---|
| ജൂലൈ 23 | : | **ശ്രീമതി വത്സ സ്ക്കറിയാ, ആനിക്കാട്ട്** |
| ആഗസ്റ്റ് 27 | : | **ശ്രീ. കുരുവിള വർഗ്ഗീസ്, നെല്ലിമൂട്ടിൽ** |
| സെപ്റ്റംബർ 24 | : | **ശ്രീ. വർഗ്ഗീസ് മാത്യു, കോളരേത്ത്** |

2024 ജൂലൈ 9 (ചൊവ്വ ) ന് തിരുവല്ല ഈസ്റ്റ് സെന്റർ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പിന്റെ 2024 -2025 വർഷത്തെ പ്രവർത്തനോദ്ഘാടനം നമ്മുടെ പള്ളിയിൽ വെച്ച് നടത്തപ്പെടും.

## സേവികാസംഘം:

ബുധനാഴ്ചകളിൽ രാവിലെ 10.30 ന് പള്ളിയിൽ വെച്ചും മാസത്തിൽ ഒരു ബുധനാഴ്ച രാവിലെ 10.30 ന് നിശ്ചയിക്കപ്പെട്ട ഭവനങ്ങളിൽ വെച്ചും മീറ്റിംഗ് നടത്തപ്പെടുന്നു. അടുത്ത മൂന്നു മാസങ്ങളിലെ കോട്ടേജ് മീറ്റിംഗുകൾ:

| | | |
|---|---|---|
| ജൂലൈ 24 | : | **ശ്രീമതി സാറാമ്മ ജോർജ്ജ്, വാനേത്ത്** |
| ആഗസ്റ്റ് 28 | : | **ശ്രീമതി മിനി മാത്യു, നെയ്പ്പള്ളി** |
| സെപ്റ്റംബർ 25 | : | **ശ്രീമതി ബെൻസി ജോൺസൻ, നെറ്റിയാട്ടുപറമ്പിൽ** |

## ഗായകസംഘം:

ഞായറാഴ്ച ആരാധനയിലേക്കുള്ള ഗായകസംഘത്തിന്റെ ഗാന പരിശീലനം ശനിയാഴ്ചകളിൽ വൈകുന്നേരം 4.45 ന് പള്ളിയിൽ വെച്ച് നടത്തപ്പെടുന്നു. ഇടവപ്പറമ്പിൽ ശ്രീ സി. വർഗ്ഗീസ് ആരാധനയിൽ വേണ്ട ഗാനങ്ങൾ പരിശീലിപ്പിക്കുകയും ഓർഗൻ വായിച്ച് സഹായിക്കുകയും ചെയ്യുന്നു. മെയ് 26 ഞായറാഴ്ച ദിവ്യസംഗീത ഞായർ ആയി ആചരിച്ചു. അന്നേദിവസം പുതിയ പാട്ടുകൾ പഠിച്ച് ആരാധനയിൽ പാടുവാൻ കഴിഞ്ഞു.

# ബൈബിൾ ക്വിസ് - സെഖര്യാവ് 1-7

1. സെഖര്യാ പ്രവാചകന്റെ പാരമ്പര്യ വഴിയിലെ മുൻപ്രവാചകന്റെ പേരെന്ത്? ബന്ധമെന്ത്?
2. ദൈവ കടാക്ഷം ലഭിക്കുവാനുള്ള ദൈവ വ്യവസ്ഥ എന്ത്?
3. ഭൂമിയിൽ ഊടാടി സഞ്ചരിക്കുവാൻ യഹോവ അയച്ചിരുന്നവൻ സഞ്ചരിച്ച കുതിരകളുടെ നിറങ്ങൾ ഏവ? അവരുടെ റിപ്പോർട്ട് എന്ത്?
4. യെരുശലേമിനും സീയോനും വേണ്ടിയുള്ള യഹോവയുടെ മനോഭാവം എന്ത്?
5. ഞാൻ.............................യെരുശലേമിലേക്ക്.........................യെരുശലേമിന്മേൽ...........................................പിടിക്കും.
6. പ്രവാചകൻ ദർശനത്തിൽ കണ്ട രണ്ടുതരം വ്യത്യസ്ത കാര്യങ്ങൾ എന്ത്?
7. യെരുശലേം മതിലില്ലാതെ തുറന്നുകിടക്കും. പക്ഷെ യഹോവ നൽകുന്ന ഉറപ്പെന്ത് ?
8. നിങ്ങളെ തൊടുന്നവൻ അവന്റെ.................................................തൊടുന്നു.
9. സീയോൻ പുത്രിയേ ഘോഷിച്ചുല്ലസിച്ച് സന്തോഷിക്ക. കാരണം എന്ത്?
10. ദൂതന്റെ മുമ്പാകെ നിന്നവന്റെ വലതുഭാഗത്തു കയറിനിന്ന് കുറ്റം ചുമത്തുവാൻ ശ്രമിച്ചതാര്? ആരെ?
11. യഹോവ സാത്താനോടു ചെയ്തതെന്ത്?
12. 'ഇവൻ തീയിൽ നിന്ന് വലിച്ചെടുത്ത കൊള്ളിയല്ലൊ' ആര് ആരോടു പറഞ്ഞു? ആരെക്കുറിച്ച് ?
13. മഹാപുരോഹിതനായ യോശുവയെ മുഷിഞ്ഞ വസ്ത്രം നീക്കി ഉത്സവവസ്ത്രം ധരിപ്പിച്ചതിന്റെ പൊരുൾ എന്ത്?
14. ഞാൻ എന്റെ ദാസനായ 'മുള' എന്നവനെ വരുത്തും. ആരാണ് മുള? ഇതര വേദഭാഗം ചൂണ്ടിക്കാണിക്കുക ?
15. ദൂതൻ 'എന്നെ ഉണർത്തി'. ആരെ?
16. ആലയത്തിന്റെ അടിസ്ഥാനം ഇട്ടതാര്? പൂർത്തീകരിക്കുന്നതാര്? എന്തു ശക്തിയാൽ പൂർത്തിയാകും?
17. സർവ്വവ്യാപിയും സർവ്വജ്ഞാനിയുമായ ദൈവത്തെ വെളിപ്പെടുത്തുന്നതായി വചനം ഏത്?
18. "ഞങ്ങൾ ഇത്ര സംവത്സരമായി ചെയ്തുവന്നതുപോലെ അഞ്ചാം മാസത്തിൽ കരഞ്ഞുംകൊണ്ട്" ഉപവസിക്കണമോ എന്നു ചോദിച്ചു. ദൈവത്തിന്റെ മറുപടി എന്തായിരുന്നു?
19. ന്യായപ്രമാണത്തോടും പണ്ടത്തെ പ്രവാചക വചനത്തോടും ജനങ്ങളുടെ പ്രതികരണം എന്തായിരുന്നു? .
20. ദൈവത്തെ അനുസരിക്കാതെ നിഷേധിക്കുന്നവർക്കുണ്ടാകുന്ന പരിണിതഫലമെന്ത്? അവർക്ക് എന്ത് ഭവിക്കും?

**ശരിയുത്തരം ലഭിക്കേണ്ട അവസാന തീയതി 2024 ആഗസ്റ്റ് 31**

**ബൈബിൾ ക്വിസ്സ് - ജനുവരി-മാർച്ച് 2024 ലക്കം ശരിയുത്തരം നൽകിയവർ**

**1. Mini Mathew, Naippalli, 2. Aleyamma Varghese, Kannoth, 3. Prof. Alice Mathew, Nellimoottil, 4. Alice Varghese, Kannoth, 5. Valsamma Thomas, Kizhakethil, 6. Sabu Thomas, Kizhakethil. 7. Junomma Jacob, Karingottu**

**സമ്മാനാർഹരായവർ: Aleyamma Varghese, Kannoth & Sabu Thomas, Kizhakethil**

## കഴിഞ്ഞ ലക്കത്തിലെ ശരിയുത്തരങ്ങൾ (ഹഗ്ഗായി & സെഫന്യാവ്)

1. **a)** സെരുബ്ബാബേൽ **b)** ശെയല്തിയേലിന്റെ മകൻ (ഹഗ്ഗായി 1:1)
2. നിങ്ങളുടെ വഴികളെ വിചാരിച്ചു നോക്കുവിൻ (ഹഗ്ഗായി 1:5,7)
3. യഹോവയുടെ ആലയം പണിവാനുള്ള കാലം വന്നിട്ടില്ലെന്ന് ഈ ജനം പറയുന്നുവല്ലോ (ഹഗ്ഗായി 1:2)
4. 'ആലയം ശൂന്യമായിരിക്കെ നിങ്ങൾക്ക് തട്ടിട്ട വീടുകളിൽ പാർപ്പാൻ കാലമായോ?" (ഹഗ്ഗായി 1:4)
5. ജീവിതത്തിൽ സംതൃപ്തി നഷ്ടപ്പെട്ടു (ഹഗ്ഗായി 1:6)
6. എന്റെ ആലയം ശൂന്യമായിക്കിടക്കുകയും നിങ്ങൾ ഓരോരുത്തരും താന്താന്റെ വീട്ടിലേക്ക് ഓടുകയും ചെയ്യുന്നതുകൊണ്ട്. (ഹഗ്ഗായി 1:9)
7. സ്വാർത്ഥത നിമിത്തം താന്താന്റെ വീട്ടിലേക്ക് ഓടിയ മനുഷ്യൻ നിമിത്തം. (ഹഗ്ഗായി 1:9,10)
8. മഹാപുരോഹിതൻ, യെഹോസാദാക്ക് (ഹഗ്ഗായി 1:1,12)
9. ജനം കേട്ടനുസരിച്ചു, യഹോവയെ ഭയപ്പെട്ടു. (ഹഗ്ഗായി 1:12)
10. സെരുബ്ബാബേലിന്റെയും യോശുവയുടെയും ജനത്തിന്റെയും മനസ്സ് യഹോവ ഉണർത്തി, ജനം ആലയത്തിന്റെ നിർമ്മിതിയിൽ ഏർപ്പെട്ടു. (ഹഗ്ഗായി 1:14)
11. ഇന്നുതൊട്ടു മുമ്പോട്ട് ദൃഷ്ടി വയ്ക്കുവിൻ (ഹഗ്ഗായി 2:18)
12. യഹോവ, സെരുബ്ബാബേലിനെ (ഹഗ്ഗായി 2:23)
13. ഹിസ്കിയാവ് (സെഫ. 1:11 )
14. ബാലിന്റെ ശേഷിപ്പിനെയും പുരോഹിതന്മാരോടുകൂടെ പൂജാരികളുടെ പേരിനെയും മേൽപ്പുരകളിൽ ആകാശത്തിലെ സൈന്യത്തെ നമസ്കരിക്കുന്നവരെയും യഹോവയെച്ചൊല്ലിയും മൽക്കാമിനെച്ചൊല്ലിയും സത്യം ചെയ്തു നമസ്കരിക്കുന്നവരെയും യഹോവയെ വിട്ടു പിന്മാറിയവരെയും അന്വേഷിക്കാത്തവരെയും ചോദിക്കാത്തവരെയും ഛേദിച്ചുകളയും. (സെഫ. 1:4,5,6)
15. യഹോവയുടെ ദിവസം അടുത്തിരിക്കുന്നു. (സെഫ. 1:7)
16. വീരൻ കഠിനമായി നിലവിളിക്കുന്നു. ആ ദിവസം ക്രോധ ദിവസം, കഷ്ടവും സങ്കടവുമുള്ള ദിവസം, ശൂന്യതയും നാശവുമുള്ള ദിവസം, ഇരുട്ടും അന്ധകാരവുമുള്ള ദിവസം, മേഘവും മൂടലുമുള്ള ദിവസം (സെഫ. 1:14,15)
17. വെള്ളിക്കും പൊന്നിനും അവരെ രക്ഷിപ്പാൻ കഴികയില്ല. (സെഫ. 1:18)
18. വ്യാപരിജനം നശിച്ചുപോകും ദ്രവ്യവാഹകന്മാരും ഛേദിക്കപ്പെടും. (സെഫ. 1:11)
19. കോപദിവസം വരുന്നതിനുമുമ്പ് കൂടി വരുവിൻ ന്യായം പ്രവർത്തിച്ച് യഹോവയെ അന്വേഷിപ്പിൻ. നീതിയും സൗമ്യതയും അന്വേഷിപ്പിൻ. പക്ഷെ യഹോവയുടെ കോപദിവസത്തിൽ നിങ്ങൾക്ക് മറഞ്ഞിരിക്കാം, (സെഫ. 2:3)
20. അപ്പോൾ സകല ജാതികളും യഹോവയുടെ നാമത്തെ വിളിച്ചപേക്ഷിച്ച് ഏകമനസ്സോടെ അവനെ സേവിക്കേണ്ടതിന് ഞാൻ അവർക്ക് നിർമ്മലമായുള്ള അധരങ്ങളെ വരുത്തും. (സെഫ. 3:9)

**ബൈബിൾ ക്വിസ് കഴിഞ്ഞ ലക്കത്തിൽ സമ്മാനാർഹരായവർ**

1. ശ്രീ ജോൺ വർഗ്ഗീസ്, മാങ്ങോട്ട്, 2. ശ്രീമതി മിനി മാത്യു, നെയ്പ്പള്ളി

## ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന പ്രാർത്ഥനായോഗങ്ങൾ

| തീയതി | ഒന്നാം ഗ്രൂപ്പ് | രണ്ടാം ഗ്രൂപ്പ് | മൂന്നാം ഗ്രൂപ്പ് |
|---|---|---|---|
| 07.07.2024 | എം.കെ.ഫിലിപ്പ്, മഠത്തിലേട്ട് | ജോൺ വർഗ്ഗീസ് കണ്ണോത്ത് – കൊമ്പാടി | ജയ തോമസ് വരമ്പത്ത് |
| 14.07.2024 | ഫിലിപ്പ് മാത്യു മുണ്ടമറ്റം | ഏബ്രഹാം വറുഗീസ് വെൺമണി പുത്തെനിട്ടിയിൽ | എൻ.പി.ചാക്കോ നെല്ലിമൂട്ടിൽ |
| | | | |
| 21.07.2024 | റവ. കുരുവിള ഫിലിപ്പ് അംബ്രയിൽ കുടുംബത്ത് | മോളി ചെറിയാൻ കണ്ണോത്ത് – കാഞ്ഞിരമറ്റം | അച്ചാമ്മ ജോൺ, പടുതോട്ട് |
| 28.07.2024 | സംയുക്ത പ്രാർത്ഥന – ഒന്നാം ഗ്രൂപ്പ് – തോമസ് ചാക്കോ, നെല്ലിമൂട്ടിൽ മന്നത്ത് | | |
| | | | പ്രത്യേക പ്രാർത്ഥന സാറാമ്മ പുന്നൂസ്, സണ്ണി വില്ല (3.30 pm) |
| 04.08.2024 | മാമ്മൻ ഫിലിപ്പോസ് പാറപ്പറമ്പിൽ | സി. വർഗ്ഗീസ്, ഇടവപറമ്പിൽ | ഏബ്രഹാം ഈപ്പൻ, ഐക്കരേത്ത് |
| 11.08.2024 | കോശി പി. ഈപ്പൻ പുതിയവീട്ടിൽ ലിസ് കോട്ടേജ് | കോശി ജോർജ്ജ്, കണ്ണോത്ത് | കുരുവിള വർഗ്ഗീസ് നെല്ലിമൂട്ടിൽ |
| 18.08.2024 | കെ.എ.ഏബ്രഹാം കണ്ണോത്ത് | ശോശാമ്മ മത്തായി, കണ്ണോത്ത് | മറിയാമ്മ തോമസ് തകടിയിൽ |
| 25.08.2024 | സംയുക്ത പ്രാർത്ഥന – രണ്ടാം ഗ്രൂപ്പ് | | |
| 01.09.2024 | ഷാജി തോമസ്, കണ്ണോത്ത് | അന്നമ്മ ഏബ്രഹാം കണ്ണോത്ത്– കാക്കത്തുരുത്ത് | കുരുവിള എൻ കുരുവിള നെല്ലിമൂട്ടിൽ |
| 08.09.2024 | റവ. തോമസ് മാത്യു പാർസനേജ് | കെ.ജി. വർഗ്ഗീസ് കണ്ണോത്ത് – കൊമ്പാടി | കെ.എ.മാത്യു കൊച്ചാലുംപാലക്കൽ AVS Serene Garden- 2E |
| 15.09.2024 | തോമസ് മാത്യു, ഞാലിലേട്ട് | എൻ.ജി.മാത്യു നെയ്പ്പള്ളി | രാജി എൻ. കുരുവിള നെല്ലിമൂട്ടിൽ |
| 22.09.2024 | സംയുക്ത പ്രാർത്ഥന – മൂന്നാം ഗ്രൂപ്പ് – ജൂനോമ്മ ജേക്കബ് കരിങ്ങോട്ടു, ഇന്റർനാഷണൽ ഗാർഡൻ വ്യൂ, മഞ്ഞാടി | | |
| 29.09.2024 | ജോൺ ഏബ്രഹാം ജിനു വില്ല | മറിയാമ്മ മത്തായി, വാലേൽ | മോളി ഈപ്പൻ ചിറേകണ്ടത്തിൽ |

## പ്രത്യേക ശ്രദ്ധയ്ക്ക്

1. 2024 ഒക്ടോബർ - ഡിസംബർ സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കേണ്ട പ്രാർത്ഥനായോഗങ്ങളുടെയും സംഘടനകളുടെയും വാർത്തകളും, അറിയിപ്പുകളും, ലേഖനങ്ങളും സെപ്റ്റംബർ 15-ാം തീയതിക്കു മുമ്പായി ഇടവക സെക്രട്ടറിയെ ഏൽപിക്കുവാൻ പ്രാർത്ഥനാഗ്രൂപ്പുകളുടെയും പോഷകസംഘടനകളുടെയും ചുമതലക്കാർ ശ്രദ്ധിക്കുക.

2. സെഹിയോൻ ബുള്ളറ്റിൻ സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നവർ ട്രസ്റ്റിയെയൊ സെക്രട്ടറിയെയൊ പ്രസ്തുത വിവരം അറിയിക്കുവാൻ താൽപര്യപ്പെടുന്നു.

3. സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുവാൻ മൂല്യമുള്ള കലാസൃഷ്ടികളും കവിതകളും ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് വികാരിയെയൊ, സെക്രട്ടറിയെയൊ സമീപിക്കുക. പ്രസിദ്ധീകരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള അന്തിമ തീരുമാനം വികാരിയുടേതായിരിക്കും.

## പ്രശംസനീയമായ നേട്ടത്തിനുള്ള അഭിനന്ദനങ്ങൾ

10th Examination (Kerala State Board) 2024



**Merin Rachel Reji**
Valayil

10th Examination (Kerala State Board) 2024




**Riya Mariam Mathew**
Kannoth

10th Examination (CBSE Board) 2024



**Rohan Kuruvilla Raji**
Nellimoottil

10th Examination (CBSE Board) 2024



**Sheryl Ann Mathew**
Kannoth

| ഇടവകയിലെ സാധാരണ പരിപാടികൾ | |
|---|---|
| ഞായർ രാവിലെ 7.30 | സൺഡേസ്കൂൾ |
| ഞായർ രാവിലെ 9.30 | വിശുദ്ധ കുർബ്ബാന |
| ഞായർ ശുശ്രൂഷാനന്തരം | യുവജനസഖ്യം |
| ചൊവ്വ വൈകിട്ട് 4.30 | ഇടവകമിഷൻ |
| ബുധൻ രാവിലെ 10.30 | സേവികാസംഘം |
| വെള്ളി രാവിലെ 10.30 | ഉപവാസപ്രാർത്ഥന |
| 4–ാം ചൊവ്വ വൈകിട്ട് 4.30 | സീനിയർ സിറ്റിസൺ ഫെലോഷിപ്പ് |
| 2–ാം ശനി വൈകിട്ട് 4.00 | യംഗ് വിമൻസ് ഫെലോഷിപ്പ് |
| ശനി വൈകിട്ട് 4.45 | ഗായകസംഘ ഗാനപരിശീലനം |

RED Media | 9495 151222

For Private Circulation Only